പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3295 10.12.2018 ൽ മറുപടിയ്ക്ക്

## കോന്നി താലൂക്കിൽ പട്ടയങ്ങൾ റദ്ദ് ചെയ്യ നടപടി

**ചോദ്യം**

**ശ്രീ.അടൂർ പ്രകാശ്**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**

**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോന്നി താലൂക്കിൽ പട്ടയങ്ങൾ റദ്ദ് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണം; വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോന്നി താലൂക്കിൽ 1843 പട്ടയങ്ങൾ റദ്ദ് ചെയ്തിട്ടുണ്ട് (ചിറ്റാർ - 465, സീതത്തോട് - 451, കലഞ്ഞൂർ -90, തണ്ണിത്തോട് - 731, കോന്നിത്താഴം - 78, അരുവാപ്പുലം - 28) |
| (ബി) | നാളിതുവരെ റദ്ദ് ചെയ്ത പട്ടയങ്ങൾ ആരുടേതെല്ലാമെന്ന് പേരും മേൽവിലാസവും ഭൂമിയുടെ വിസ്തീർണ്ണവും സഹിതം അറിയിക്കുമോ; പ്രസ്തുത പട്ടയങ്ങൾ ഓരോന്നും റദ്ദ് ചെയ്യുവാൻ ഇടയാക്കിയ സാഹചര്യങ്ങൾ ഇനം തിരിച്ച് വിശദമാക്കുമോ; | (ബി) പട്ടയം റദ്ദ് ചെയ്തിട്ടുള്ള 1843 പേരുടെ വിവരങ്ങൾ 178 പേജുകളിലായി കോന്നി താലൂക്കാഫീസിലെ രജിസ്റ്ററിൽ സൂക്ഷിച്ചിട്ടുണ്ട്.<br>27/02/16 ലെ സ.ഉ(എം.എസ്) നം.174/2016 പ്രകാരം പട്ടയം നൽകുന്നതിനായി ഉത്തരവായിരുന്നു. ടി ഉത്തരവിൽ വനംവകുപ്പ് / ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയുമായി തർക്കങ്ങൾ നിലവിലില്ലെന്ന് ജില്ലാ കളക്ടർ ഉറപ്പ് വരുത്തണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി വ്യവസ്ഥ പാലിക്കാതെ പട്ടയം തയ്യാറാക്കി വിതരണം ചെയ്തതിനാലാണ് റദ്ദ് ചെയ്തിട്ടുള്ളത്. |
| (സി) | ഈ പട്ടയങ്ങൾ റദ്ദ് ചെയ്യുവാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) ഇല്ല |
| (ഡി) | സർക്കാർ അനുമതി തേടാതെ ജീവനക്കാർ സ്വന്തം ഇഷ്ടപ്രകാരം പട്ടയങ്ങൾ റദ്ദുചെയ്യുന്നതാണോ; എങ്കിൽ പ്രസ്തുത നടപടി സ്വീകരിച്ച ജീവനക്കാരുടെ പേരിൽ നടപടി കൈക്കൊള്ളുമോ? | (ഡി)27/02/16 ലെ സ.ഉ.(എം.എസ്) നം.174/2016/റവ പ്രകാരം പട്ടയം നൽകുന്നതിനായി ഉത്തരവായിരുന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥ പാലിച്ചിട്ടില്ലാത്തതിനാലാണ് റദ്ദ് ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ